കേരള സർക്കാർ

നമ്പർ. 25070/ആർ.ഡി.2/2011/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം,തീയതി: 16/05/2011

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - മൊബൈൽ ടവർ നിർമ്മാണം പെർമിറ്റ് നൽകുന്നത് സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു .

സൂചന:- (1) 13/03/2009-ലെ 2750/ആർ.ഡി.2/09/തസ്വഭവ നമ്പർ സർക്കുലർ.
(2) 10/08/2009-ലെ 2750 (2)/ആർ.ഡി.2/09/തസ്വഭവ നമ്പർ സർക്കുലർ.

മൊബൈൽ ടവർ നിർമ്മാണത്തിനുള്ള പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചനയിലെ സർക്കുലറുകൾ പ്രകാരം സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (2)-ലെ സർക്കുലറിൽ പൊതുജനങ്ങളെ പങ്കെടുപ്പിച്ച് ചർച്ച നടത്തണമെന്ന് പ്രതിപാദിച്ചിട്ടുണ്ടെങ്കിലും സമീപവാസികളെയും, ടവർ നിർമ്മാണം മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവരെയും ഉൾപ്പെടുത്തണമെന്ന് വ്യക്ത മാക്കിയിരുന്നില്ല. നിർദ്ദിഷ്ട ടവറിന്റെ സമീപവാസികളല്ലാത്തവരായ ധാരാളം ആളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടവർ നിർമ്മാണത്തിനെതിരെ പരാതി നൽകി നിർമ്മാണം തടസ്സപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെടുകയും പരാതിക്കാരായി ആരെയൊക്കെ ഉൾപ്പെടുത്തണം എന്നു സർക്കാർ പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സൂചന (2)-ൽ പറയുന്ന സർക്കുലർ ഭേദഗതി ചെയ്ത് താഴെ പറയുന്ന പ്രകാരം നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ടവർ നിർമ്മാണത്തിനു നിർദ്ദേശിക്കുന്ന സ്ഥലം സംബന്ധിച്ച് പരാതിയുള്ള പക്ഷം ഭരണ സമിതിയുടെ നേതൃത്വത്തിൽ ടവർനിർമ്മാതാക്കളെയും, നിർദ്ദിഷ്ട ടവറിന്റെ 100 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന പരാതിക്കാരെയും പങ്കെടുപ്പിച്ച് ചർച്ച നടത്തി പരിഹാരം കണ്ടെത്തേണ്ടതും, ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തേണ്ടതുമാണ്. ചട്ടങ്ങൾ പാലിക്കാതെ **stop memo** നൽകുന്ന രീതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുവാൻ പാടില്ല.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും)
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ മേയർമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും, മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക് റിലേഷൻസ് ഡയറക്ടർ, പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയംഭരണ (ആർ.എ), (ആർ.ബി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.